(ബി) ഇതിന് പരിഹാരമായി വാഹന ഗതാഗതപെരുപ്പം അനുഭവപ്പെടുന്ന റോഡുകൾ, വരുന്ന പത്തു കൊല്ലത്തേക്കെങ്കിലുമുള്ള ഗതാഗത സൗകര്യം കണക്കാക്കി വീതി വർദ്ധിപ്പിക്കുന്നതിനും റോഡിന്റെ വശങ്ങളിൽ വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുമുള്ള പദ്ധതി അടിയന്തരമായി നടപ്പിലാക്കുമോ ?

ഉത്തരം

(എ&ബി) നഗരങ്ങളിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുവേണ്ടി റോഡുകളുടെ വീതികൂട്ടുക, ഗ്രേഡ് സെപ്പറേറ്റർ, സബ്‌വേ എന്നിവ നിർമ്മിക്കുക, പാർക്കിങ്ങിനു സൗകര്യമുണ്ടാക്കുക തുടങ്ങിയ പദ്ധതികൾ പടിപടിയായി നടപ്പാക്കി വരികയാണ്.

റോഡ് റബ്ബറൈസേഷന് ആവശ്യമായ ബിറ്റുമിൻ

44 (3603) ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. വി. ബലറാം :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റബ്ബറൈസ് ചെയ്യുന്ന റോഡുകളുടെ ആവശ്യത്തിന് പ്രതിവർഷം റബ്ബർ ചേർത്ത എത്ര ബിറ്റുമിൻ ആവശ്യമായി വരും ;

(ബി) ഇത്തരം ബിറ്റുമിൻ ആവശ്യാനുസരണം നൽകുവാൻ കൊച്ചിൻ റിഫൈനറിക്ക് കഴിയുന്നുണ്ടോ ;

(സി) റബ്ബറൈസ്ഡ് ബിറ്റുമിനുവേണ്ടി പ്രതിവർഷം എന്തു തുക ചെലവഴിക്കേണ്ടതായി വരുന്നുണ്ട് ?

ഉത്തരം

(എ) നാഷണൽ ഹൈവേ വിഭാഗത്തിൽ ഏകദേശം 18,000 ടണ്ണും, റോഡ്സ്& ബ്രിഡ്ജസ് വിഭാഗത്തിൽ 65,000 ടണ്ണും ബിറ്റുമിൻ വേണ്ടിവരും.

(ബി) ഇല്ല.

(സി) കൊച്ചിൻ റിഫൈനറിയിൽ ഉല്പാദിപ്പിക്കുന്ന റബ്ബറൈസ്ഡ് ബിറ്റുമിന്റെ അളവിനെ ആശ്രയിച്ചിരിക്കുന്നതു കൊണ്ട് റബ്ബറൈസ്ഡ് ബിറ്റുമിന് മാത്രമായി വേണ്ടി വരുന്ന തുക പ്രത്യേകമായി കണക്കാക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly